ഔദ്യോഗിക ആവശ്യത്തിന് മാത്രം

# പോലീസ് ഉദ്യോഗസ്ഥർക്കുള്ള കൈപ്പുസ്തകം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,

കേരളം

2020

ഔദ്യോഗിക ആവശ്യത്തിന് മാത്രം

# പോലീസ് ഉദ്യോഗസ്ഥർക്കുള്ള കൈപ്പുസ്തകം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,

കേരളം

2020

പോലീസ് ഉദ്യോഗസ്ഥർക്കുള്ള  കൈപുസ്തകം

**പ്രസിദ്ധീകരിക്കുന്നത്**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-695033

കോപ്പികൾ - 3000

# ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ 243കെ, 243ഇസഡ് എ എന്നീ അനുച്ഛേദങ്ങൾ പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതും നിയന്ത്രിക്കുന്നതും മേൽനോട്ടം വഹിക്കുന്നതും ഭരണഘടനാ സ്ഥാപനമായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ്. ആയതിനാൽ മേൽപ്പറഞ്ഞ  സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നിഷ്പക്ഷമായും നീതിയുക്തമായും നടത്തുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ബാദ്ധ്യസ്ഥമാണ്. ഈ ലക്ഷ്യ പൂർത്തീകരണത്തിന് സംസ്ഥാന പോലീസ് സേനയുടെ സഹകരണം തിരഞ്ഞെടുപ്പ് കമ്മീഷന് അനിവാര്യമാണ്. സ്വതന്ത്രമായും നിർഭയമായും സമ്മതിദായകർക്ക് തങ്ങളുടെ വോട്ട് രേഖപ്പെടുത്തുവാനുള്ള  സാഹചര്യം സൃഷ്ടിക്കുവാനുള്ള ഉത്തരവാദിത്വം സംസ്ഥാന പോലീസ് സേനയിൽ നിക്ഷിപ്തമാണ്. സമൂഹത്തിൽ ഭയാശങ്ക ജനിപ്പിച്ചും, ഭീകരാന്തരീക്ഷം സൃഷ്ടിച്ചും, ബലപ്രയോഗത്തിലൂടെയും, നിയമവിരുദ്ധമായ മാർഗ്ഗങ്ങൾ അവലംബിച്ചും, തിരഞ്ഞെടുപ്പ് പ്രക്രിയകൾ അട്ടിമറിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുവാൻ പാടില്ല.  സമ്മതിദാനാവകാശ വിനിയോഗം തങ്ങളുടെ കർത്തവ്യവും അവകാശവും ആണെന്ന ബോധ്യം ജനങ്ങളിലുണ്ടാകണം. വോട്ട് രേഖപ്പെടുത്തുന്നതിലൂടെ തങ്ങൾ ഓരോരുത്തരും ജനാധിപത്യഭരണ സംവിധാനത്തിൽ പങ്കാളികളാകുന്നു എന്നുള്ള അഭിമാനവും ആത്മസംതൃപ്തിയും ജനങ്ങളിൽ ഉണ്ടാകണം.  ആയതിന് തിരഞ്ഞെടുപ്പ് പ്രക്രിയകളുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാന പോലീസ് സേനയുടെ സഹായ സഹകരണങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷന് അത്യന്താപേക്ഷിതമാണ്.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കുറ്റകൃത്യങ്ങളെയും ശിക്ഷകളെയും സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും/1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും, 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലും ഉള്ള വ്യവസ്ഥകളാണ് ഈ ലഘു പുസ്തകത്തിൽ വിവരിച്ചിരിക്കുന്നത്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും, ആവർത്തിക്കപ്പെടാതിരിക്കുവാനും സമാധാനപരമായ അന്തരീക്ഷത്തിൽ തിരഞ്ഞെടുപ്പ് പ്രക്രിയകൾ നടക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിയ്ക്കുന്നതിനും, കേസുകളുടെ അന്വേഷണം അതീവ ജാഗ്രതയോടുകൂടി നിർവ്വഹിച്ച് കുറ്റവാളികളെ നീതിപീഠത്തിനുമുമ്പിലെത്തിയ്ക്കുവാനുമുള്ള നടപടികൾക്ക് ഈ ലഘുപുസ്തകം ഒരു വഴികാട്ടിയായി തീരുമെന്ന് പ്രത്യാശിക്കുന്നു.

തിരുവനന്തപുരം
12.02.2020

**വി. ഭാസ്കരൻ**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

# തിരഞ്ഞെടുപ്പ് കുറ്റങ്ങൾ

1. **1994 – ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 121 – ാം വകുപ്പ് / 1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 145 – ാം വകുപ്പ് – തിരഞ്ഞെടുപ്പ് സംബന്ധിച്ച് വർഗ്ഗങ്ങൾ തമ്മിൽ ശത്രുത വളർത്തുന്നത് ;**

മതമോ വംശമോ ജാതിയോ സമുദായമോ ഭാഷയോ ആധാരമാക്കി, ഈ ആക്ടിൻ കീഴിലുള്ള ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച്, ഇന്ത്യൻ പൗരന്മാരുടെ വിവിധ വർഗ്ഗങ്ങൾ തമ്മിൽ ശത്രുതാപരമായ വികാരങ്ങളോ വെറുപ്പോ വളർത്തുകയോ വളർത്താൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന കാലത്തെ തടവോ പതിനായിരം രൂപയോളമാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

2. **1994 – ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 122 – ാം വകുപ്പ് / 1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 146 – ാം വകുപ്പ് – തിരഞ്ഞെടുപ്പ് ദിവസവും അതിന് തൊട്ടുമുമ്പുള്ള ദിവസവും പൊതുയോഗങ്ങൾ നിരോധിക്കുന്നത് സംബന്ധിച്ച് ;**

(1) ഒരു നിയോജക മണ്ഡലത്തിലെ / വാർഡിലെ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിന്റെ സമാപനത്തിന് നിശ്ചയിച്ചിട്ടുള്ള സമയത്തോടെ അവസാനിക്കുന്ന നാൽപ്പത്തെട്ടു മണിക്കൂർ കാലയളവിനുള്ളിൽ യാതൊരാളും ആ നിയോ

ജകമണ്ഡലത്തിനുള്ളിൽ/വാർഡിനുള്ളിൽ ഏതെങ്കിലും പൊതുയോഗം വിളിച്ചു കൂട്ടുകയോ, നടത്തുകയോ അല്ലെങ്കിൽ അതിൽ സന്നിഹിതനാകുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) (1) -ാം ഉപകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന കാലത്തെ തടവോ അല്ലെങ്കിൽ ആയിരം രൂപ വരെ ആകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

**3. കേരളാ പഞ്ചായത്ത് രാജ് ആക്ട് 123 – ാം വകുപ്പ് / കേരള മുനിസിപ്പാലിറ്റി ആക്ട് 147 –ാം വകുപ്പ് – തിരഞ്ഞെടുപ്പ് യോഗങ്ങളിൽ തടസ്സമുണ്ടാക്കുന്നത് ;**

(1) ഈ വകുപ്പ് ബാധകമാകുന്ന ഒരു പൊതുയോഗത്തിൽ, ഏതു കാര്യങ്ങളുടെ നടത്തിപ്പിന് വേണ്ടിയാണോ ആ യോഗം വിളിച്ചു കൂട്ടിയിട്ടുള്ളത് ആ കാര്യങ്ങളുടെ നടത്തിപ്പ് തടയുന്നതിനായി ക്രമരഹിതമായി പ്രവർത്തിക്കുകയോ പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന കാലത്തെ തടവോ ആയിരം രൂപ വരെ ആകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഏതെങ്കിലും നിയോജകമണ്ഡലത്തോട് /വാർഡിനോട് ഒരംഗത്തെയോ അംഗങ്ങളേയോ തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി ആക്റ്റിൻ കീഴിലെ ഒരു വിജ്ഞാപനം, പുറപ്പെടുവിക്കുന്ന തീയതിക്കും അങ്ങനെയുള്ള തിരഞ്ഞെടുപ്പ് നടത്തപ്പെടുന്ന തീയതിക്കും ഇടയ്ക്ക്, ആ നിയോജകമണ്ഡലത്തിൽ/വാർഡിൽ നടത്തപ്പെടുന്ന രാഷ്ട്രീയ സ്വഭാവമുള്ള ഏതു പൊതുയോഗത്തിനും ഈ വകുപ്പ് ബാധകമാകുന്നതാണ്.

(3) ഏതെങ്കിലും ആൾ (1) -ാം ഉപവകുപ്പിൻ കീഴിൽ ഒരു കുറ്റം ചെയ്യുന്നതായി ഒരു പോലീസ് ഉദ്യോഗസ്ഥൻ ന്യായമായി സംശയിക്കുന്നുവെങ്കിൽ ആ ആളോട് ഉടൻ തന്നെ അയാളുടെ പേരും മേൽവിലാസവും പ്രഖ്യാപിക്കുന്നതിന് ആവശ്യപ്പെടാൻ യോഗത്തിലെ അദ്ധ്യക്ഷൻ തന്നോട് അപേക്ഷിക്കുന്നുവെങ്കിൽ, ആ പോലീസ് ഉദ്യോഗസ്ഥന് അപ്രകാരം ആവശ്യപ്പെടാവുന്നതും, ആ ആൾ അപ്രകാരം പേരും മേൽവിലാസവും പ്രഖ്യാപിക്കാൻ വിസമ്മതിക്കുകയോ പ്രഖ്യാപിക്കാതിരിക്കുയോ അല്ലെങ്കിൽ അയാൾ വ്യാജമായ പേരോ മേൽവിലാസമോ നൽകുന്നതായി പോലീസ് ഉദ്യോഗസ്ഥൻ ന്യായമായി സംശയിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ പോലീസ് ഉദ്യോഗസ്ഥന് അയാളെ വാറന്റ് കൂടാതെ അറസ്റ്റ് ചെയ്യാവുന്നതാണ്.



**4. കേരളാ പഞ്ചായത്ത് രാജ് ആക്ട് 124 – ാം വകുപ്പ് /കേരള മുനിസിപ്പാലിറ്റി ആക്ട് 148 –ാം വകുപ്പ് – ലഘുലേഖകൾ, പോസ്റ്ററുകൾ മുതലായവയുടെ അച്ചടിയിന്മേലുള്ള നിയന്ത്രണങ്ങൾ ;**

(1) ഒരാളും, അച്ചടിക്കാരന്റേയും പ്രസാധകന്റേയും പേരും മേൽവിലാസവും ഏതെങ്കിലും തിരഞ്ഞെടുപ്പു ലഘുലേഖയുടെയോ തിരഞ്ഞെടുപ്പ് പോസ്റ്ററിന്റെയോ മുൻവശത്ത് രേഖപ്പെടുത്താതെ അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) ഒരാൾ ഏതെങ്കിലും തിരഞ്ഞെടുപ്പ് ലഘുലേഖയോ പോസ്റ്ററോ –

(എ) അതിന്റെ പ്രസാധകൻ, തന്റെ അനന്യതയെക്കുറിച്ച് താൻ ഒപ്പിട്ടതും, തന്നെ നേരിട്ട് അറിയുന്ന രണ്ട് ആളുകൾ സാക്ഷ്യപ്പെടുത്തിയതുമായ ഒരു പ്രഖ്യാപനത്തിന്റെ രണ്ടു പകർപ്പുകൾ അച്ചടിക്കാരന് നൽകാത്ത പക്ഷവും;

(ബി) ആ രേഖ അച്ചടിച്ചതിനുശേഷം, ന്യായമായ സമയത്തിനുള്ളിൽ, പ്രഖ്യാപനത്തിന്റെ ഒരു പകർപ്പ് അച്ചടിച്ച രേഖയുടെ ഒരു പകർപ്പോടുകൂടി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ ഇതിനുവേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് അയച്ചുകൊടുക്കാത്തപക്ഷവും; അച്ചടിക്കുകയോ അച്ചടിപ്പിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(3) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് –

(എ) ഒരു രേഖയുടെ കയ്യെഴുത്ത് പകർപ്പല്ലാത്തതും പകർപ്പുകളുടെ എണ്ണം പെരുപ്പിക്കുന്നതുമായ ഏതു പ്രക്രിയയും അച്ചടിയായി കരുതപ്പെടുന്നതും അച്ചടിക്കാരൻ എന്ന പദത്തിന് അതനുസരിച്ച് അർത്ഥം കൽപിക്കേണ്ടതും;

(ബി) തിരഞ്ഞെടുപ്പ് ലഘുലേഖ അല്ലെങ്കിൽ തിരഞ്ഞെടുപ്പ് പോസ്റ്റർ എന്നതിന്, ഒരു സ്ഥാനാർത്ഥിയെയോ സ്ഥാനാർത്ഥികളുടെ ഒരു

ഗ്രൂപ്പിന്റെയോ തിരഞ്ഞെടുപ്പ് പ്രോത്സാഹിപ്പിക്കുന്നതിനോ അതിനു ദൂഷ്യം വരുത്തുന്നതിനോ വേണ്ടി വിതരണം ചെയ്യപ്പെടുന്നതും അച്ചടിച്ചതുമായ ഏതെങ്കിലും ലഘുലേഖയോ ഹാൻഡ് ബില്ലോ മറ്റു രേഖയോ, അല്ലെങ്കിൽ തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന ഏതെങ്കിലും പ്ളക്കാർഡോ പോസ്റ്ററോ എന്നർത്ഥമാകുന്നതും, എന്നാൽ ഒരു തിരഞ്ഞെടുപ്പ് യോഗത്തിന്റെ തീയതിയും സമയവും സ്ഥലവും മറ്റു വിവരങ്ങളും അല്ലെങ്കിൽ തിരഞ്ഞെടുപ്പ് ഏജന്റുമാർക്കോ തിരഞ്ഞെടുപ്പു പ്രവർത്തകർക്കോ ഉള്ള പതിവ് നിർദ്ദേശങ്ങളും അറിയിക്കുക മാത്രം ചെയ്യുന്ന ഏതെങ്കിലും ഹാൻഡ് ബില്ലോ പ്ലക്കാർഡോ പോസ്റ്ററോ അതിൽ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(4) (1) -ാം ഉപവകുപ്പിലെയോ (2)- ാം ഉപവകുപ്പിലെയോ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന തടവോ രണ്ടായിരം രൂപയോളമാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

**5. കേരളാ പഞ്ചായത്ത് രാജ് ആക്ട് 125 – ാം വകുപ്പ് /കേരള മുനിസിപ്പാലിറ്റി ആക്ട് 149 – ാം വകുപ്പ് – വോട്ടു ചെയ്യലിന്റെ രഹസ്യസ്വഭാവം പരിപാലിക്കൽ ;**

(1) ഒരു തിരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്തുകയോ എണ്ണുകയോ ചെയ്യുന്നതു സംബന്ധിച്ച് ഏതെങ്കിലും കർത്തവ്യം നിർവ്വഹിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും, ക്ലാർക്കും, ഏജന്റും, അല്ലെങ്കിൽ മറ്റ് ആളും, വോട്ടു ചെയ്യലിന്റെ രഹസ്യസ്വഭാവം പരിപാലിക്കുകയും പരിപാലിക്കാൻ സഹായിക്കുകയും ചെയ്യേണ്ടതും, അങ്ങനെയുള്ള രഹസ്യസ്വഭാവ പരിപാലനം ലംഘിക്കാൻ ഇടയാക്കുന്ന ഒരു വിവരത്തെക്കുറിച്ചും (ഏതെങ്കിലും നിയമത്താലോനിയമത്തിൻ കീഴിലോ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്ദേശത്തിനല്ലാതെ) ആർക്കും അറിവുകൊടുക്കാൻ പാടില്ലാത്തതുമാകുന്നു.

(2) (1) -ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ആറ് മാസത്തോളമാകാവുന്ന (മുനിസിപ്പാലിറ്റി ആക്ട് പ്രകാരം മൂന്നു മാസം) തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാ



കുന്നു.

**6. കേരളാ പഞ്ചായത്ത് രാജ് ആക്ട് 126 – ാം വകുപ്പ് /കേരള മുനിസിപ്പാലിറ്റി ആക്ട് 150 – ാം വകുപ്പ് – ഉദ്യോഗസ്ഥന്മാർ മുതലായവർ തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികൾക്കു വേണ്ടി പ്രവർത്തിക്കുകയോ വോട്ടു ചെയ്യുന്നതിനെ സ്വാധീനിക്കുകയോ ചെയ്യാൻ പാടില്ലെന്ന് ;**

(1) തിരഞ്ഞെടുപ്പിലെ ഒരു ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ വരണാധികാരിയോ അസിസ്റ്റന്റ് വരണാധികാരിയോ പ്രിസൈഡിംഗ് ആഫീസറോ പോളിംഗ് ആഫീസറോ അല്ലെങ്കിൽ ഒരു തിരഞ്ഞെടുപ്പു സംബന്ധിച്ച് ഏതെങ്കിലും കർത്തവ്യം നിർവ്വഹിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ തിരഞ്ഞെടുപ്പിന്റെ നടത്തിപ്പിലോ, കാര്യനിർവ്വഹണത്തിലോ ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പിന്റെ വിജയസാദ്ധ്യത വർദ്ധിപ്പിക്കുവാനുള്ള ഏതെങ്കിലും ഒരു പ്രവൃത്തി (വോട്ടു നൽകുന്നതൊഴികെ) ചെയ്യാൻ പാടുള്ളതല്ല.

(2) മുൻപറഞ്ഞ പ്രകാരമുള്ള ഏതൊരാളും, പോലീസ് സേനയിലെ ഏതൊരംഗവും-

(എ) ഒരു തിരഞ്ഞെടുപ്പിൽ ഏതെങ്കിലും ആളെ അയാളുടെ വോട്ടു നൽകാൻ പ്രേരിപ്പിക്കുകയോ,

(ബി) ഏതെങ്കിലും ആളെ ഒരു തിരഞ്ഞെടുപ്പിൽ തന്റെ വോട്ടു നൽകുന്നതിൽ നിന്ന് പിന്തിരിപ്പിക്കുകയോ.

(സി) ഒരു തിരഞ്ഞെടുപ്പിൽ ഏതെങ്കിലും ആൾ വോട്ടു ചെയ്യുന്നതിനെ ഏതെങ്കിലും രീതിയിൽ സ്വാധീനിക്കുകയോ, ചെയ്യുന്നതിന് പരിശ്രമിക്കുവാൻ പാടുള്ളതല്ല.

(3) (1)- ാം ഉപവകുപ്പിലെയോ (2) -ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും മൂന്നു വർഷത്തോളമാകാവുന്ന തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(4) (3) -ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റം കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

**7. കേരളാ പഞ്ചായത്ത് രാജ് ആക്ട് 127 – ാം വകുപ്പ് / കേരള മുനിസിപ്പാലിറ്റി ആക്ട് 151 – ാം വകുപ്പ് – പോളിംഗ് സ്റ്റേഷനിലോ അതിനടുത്തോ വച്ച് വോട്ടു പിടിക്കു ന്നതിനുള്ള നിരോധനം ;**

(1) ഒരാളും പോളിംഗ് നടക്കുന്ന ഏതെങ്കിലും പോളിംഗ് സ്റ്റേഷനിൽ, വോട്ടെടുപ്പ് നടത്തുന്ന തീയതിയിലോ തീയതികളിലോ, ആ പോളിംഗ് സ്റ്റേഷനകത്തു വച്ചോ പോളിംഗ് സ്റ്റേഷന്റെ ഇരുന്നൂറ് മീറ്റർ ദൂരത്തിനകത്തുള്ള (മുനിസിപ്പൽ ഏരിയായിൽ നൂറു മീറ്റർ ദൂരത്തിനകത്തുള്ള) ഏതെങ്കിലും പൊതു സ്ഥലത്തോ സ്വകാര്യസ്ഥലത്തോ വച്ച് താഴെപ്പറയുന്ന പ്രവൃത്തികളിൽ ഏതെങ്കിലും, അതായത് :

(എ) വോട്ടുപിടിക്കുകയോ; അല്ലെങ്കിൽ

(ബി) ഏതെങ്കിലും സമ്മതിദായകന്റെ വോട്ടിനായി അഭ്യർത്ഥിക്കുയോ; അല്ലെങ്കിൽ

(സി) ഏതെങ്കിലും പ്രത്യേക സ്ഥാനാർത്ഥിക്കുവേണ്ടി വോട്ട് ചെയ്യാതിരിക്കാൻ ഏതെങ്കിലും സമ്മതിദായകനെ പ്രേരിപ്പിക്കുകയോ ; അല്ലെങ്കിൽ

(ഡി) ആ തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാതിരിക്കാൻ ഏതെങ്കിലും സമ്മതിദായകനെ പ്രേരിപ്പിക്കുകയോ; അല്ലെങ്കിൽ

(ഇ) ആ തിരഞ്ഞെടുപ്പ് സംബന്ധിച്ച് (ഒരു ഔദ്യോഗിക നോട്ടീസല്ലാത്ത) ഏതെങ്കിലും നോട്ടീസോ ചിഹ്നമോ പ്രദർശിപ്പിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) (1) – ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാൾക്കും മൂന്നു മാസക്കാലത്തോളമാകാവുന്ന തടവോ ആയിരം രൂപയോളമാകാവുന്ന പിഴയോ നൽകാവുന്നതാണ്.

**8. കേരളാ പഞ്ചായത്ത് രാജ് ആക്ട് 128 – ാം വകുപ്പ് / കേരള മുനിസിപ്പാലിറ്റി ആക്ട് 152 – ാം വകുപ്പ് – പോളിംഗ് സ്റ്റേഷനുകളിലോ അടുത്തോ വച്ചുള്ള ക്രമരഹിതമായ പെരുമാറ്റത്തിനുള്ള ശിക്ഷ ;**

(1) ഒരാളും ഏതെങ്കിലും പോളിംഗ് സ്റ്റേഷനിൽ, വോട്ടെടുപ്പു നടത്തുന്ന തീയതിയിലോ തീയതികളിലോ വോട്ടെടുപ്പിനുവേണ്ടി പോളിംഗ് സ്റ്റേഷൻ സന്ദർശിക്കുന്ന ഏതെങ്കിലും ആൾക്ക് അസഹ്യത ഉണ്ടാക്കുന്ന വിധമോ അല്ലെങ്കിൽ പോളിംഗ് സ്റ്റേഷനിൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥന്മാരുടെയും മറ്റാളുകളുടെയും പ്രവൃത്തിയിൽ ഇടപെടുന്ന വിധമോ-

(എ) പോളിംഗ് സ്റ്റേഷന്റെ അകത്തോ, പ്രവേശന കവാടത്തിലോ അതിന്റെ അയൽപക്കത്തുള്ള ഏതെങ്കിലും പൊതു സ്ഥലത്തോ മനുഷ്യ ശബ്ദത്തിന്റെ വിപുലീകരണത്തിനോ പുനരുൽപാദനത്തിനോ ഉള്ള മെഗാഫോണോ, ഉച്ചഭാഷിണിയോ പോലുള്ള ഏതെങ്കിലും ഉപകരണം ഉപയോഗിക്കുകയോ പ്രവർത്തിപ്പിക്കുകയോ അല്ലെങ്കിൽ

(ബി) പോളിംഗ് സ്റ്റേഷന്റെ അകത്തോ പ്രവേശന കവാടത്തിലോ അതിന്റെ അയൽപക്കത്തുള്ള ഏതെങ്കിലും പൊതുസ്ഥലത്തോ ഉച്ചത്തിൽ ശബ്ദമുണ്ടാക്കുകയോ മറ്റു വിധത്തിൽ ക്രമരഹിതമായ രീതിയിൽ പ്രവർത്തിക്കുകയോ, ചെയ്യാൻ പാടുള്ളതല്ല.

(2) (1) – ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ, ലംഘനത്തിന് മനഃപൂർവ്വം സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന തടവോ അഞ്ഞൂറ് രൂപയോളമാകാവുന്ന പിഴയോ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു

(3) ഒരു പോലീസ് ഉദ്യോഗസ്ഥന് (1) – ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ ഏതെങ്കിലും ലംഘനം തടയുന്നതിന് ന്യായമായി, ആവശ്യമായ നടപടികൾ എടുക്കുകയും ബലം പ്രയോഗിക്കുകയും ചെയ്യാവുന്നതും, അങ്ങനെയുള്ള ലംഘനത്തിന് ഉപയോഗിച്ച ഏതെങ്കിലും ഉപകരണം പിടിച്ചെടുക്കാവുന്നതുമാണ്.

**9. കേരളാ പഞ്ചായത്ത് രാജ് ആക്ട് 129 – ാം വകുപ്പ് /കേരള മുനിസിപ്പാലിറ്റി ആക്ട് 153 – ാം വകുപ്പ് – പോളിംഗ് സ്റ്റേഷനിലെ അനുചിതമായ പെരുമാറ്റത്തിനുള്ള ശിക്ഷ ;**

(1) ഏതെങ്കിലും പോളിംഗ് സ്റ്റേഷനിൽ വോട്ടെടുപ്പിനു നിജപ്പെടുത്തിയിട്ടുള്ള സമയത്തിനിടയിൽ അനുചിതമായ വിധം പെരുമാറുകയോ പ്രിസൈഡിംഗ് ആഫീസറുടെ നിയമാനുസൃതമായ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളേയും പ്രിസൈഡിംഗ് ആഫീസർക്കോ ഡ്യൂട്ടിയിലിരിക്കുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനോ അങ്ങനെയുള്ള പ്രിസൈഡിംഗ് ആഫീസർ ഇതിലേക്ക് അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ പോളിംഗ് സ്റ്റേഷനിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(2) (1) - ാം ഉപവകുപ്പിൻ കീഴിൽ നൽകിയിട്ടുള്ള അധികാരങ്ങൾ ഒരു പോളിംഗ് സ്റ്റേഷനിൽ വോട്ടു ചെയ്യാൻ മറ്റു വിധത്തിൽ അവകാശപ്പെട്ട ഏതെങ്കിലും സമ്മതിദായകനെ, ആ സ്റ്റേഷനിൽ വോട്ട് ചെയ്യുന്നതിന് അവസരം ലഭിക്കുന്നതിൽ നിന്നും തടയുന്നവിധം പ്രയോഗിക്കാൻ പാടുള്ളതല്ല.

(3) ഒരു പോളിംഗ് സ്റ്റേഷനിൽ നിന്ന് അപ്രകാരം നീക്കം ചെയ്യപ്പെട്ട ഏതെങ്കിലും ആൾ, പ്രിസൈഡിംഗ് ആഫീസറുടെ അനുവാദം കൂടാതെ ആ പോളിംഗ് സ്റ്റേഷനിൽ വീണ്ടും പ്രവേശിക്കുന്നുവെങ്കിൽ, അയാൾ മൂന്നു വർഷക്കാലത്തോളമാകാവുന്ന തടവോ പിഴയോ {പഞ്ചായത്ത്‌രാജ് ആക്ട് പ്രകാരം ആയിരം രൂപയോളമാകാവുന്ന പിഴ) അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

4. (3) - ാം ഉപവകുപ്പിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റം കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

**10. കേരളാ പഞ്ചായത്ത് രാജ് ആക്ട് 131 – ാം വകുപ്പ് / കേരള മുനിസിപ്പാലിറ്റി ആക്ട് 155 – ാം വകുപ്പ് – തിരഞ്ഞെടുപ്പുകളിൽ വാഹനങ്ങൾ നിയമവിരുദ്ധമായി കൂലിക്കെടുക്കുകയോ ആർജ്ജിക്കുകയോ ചെയ്യുന്നതിനുള്ള പിഴ ;**

ഒരു തിരഞ്ഞെടുപ്പിലോ, തിരഞ്ഞെടുപ്പ് സംബന്ധിച്ചോ ഏതെങ്കിലും ആൾ കേരള പഞ്ചായത്ത് രാജ് ആക്ട് 120 -ാം വകുപ്പ് (6) - ാം ഖണ്ഡത്തിൽ/ കേരള മുനിസിപ്പാലിറ്റി ആക്ട് 144-ാം വകുപ്പ് (6) -ാം ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള (തിരഞ്ഞെടുപ്പിൽ വാഹനങ്ങൾ നിയമവിരുദ്ധമായി കൂലിക്കെടുക്കുകയോ ആർജ്ജിക്കുകയോ ചെയ്യുന്നത് പോലെയുള്ള) ഏതെങ്കിലും അഴിമതി പ്രവൃത്തിക്ക് അപരാധിയാണെങ്കിൽ അയാൾ ആയിരം രൂപയോളമാകാവുന്ന പിഴ



ചുമത്തി ശിക്ഷിക്കപ്പെടുന്നതാകുന്നു.

**11. കേരളാ പഞ്ചായത്ത് രാജ് ആക്ട് 132 – ാം വകുപ്പ് / കേരള മുനിസിപ്പാലിറ്റി ആക്ട് 156 – ാം വകുപ്പ് – സർക്കാർ വകുപ്പുകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും മറ്റ് അധികാര സ്ഥാനങ്ങളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥന്മാരുടെയും സ്റ്റാഫിന്റെയും ലിസ്റ്റ് നൽകണമെന്ന് ;**

(1) സർക്കാരിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ മറ്റധികാരസ്ഥാനങ്ങളോ ഉൾപ്പടെയുള്ള എല്ലാ ഓഫീസ് മേധാവികളും, വകുപ്പ് തലവന്മാരും, എയ്ഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാരും പ്രൈവറ്റ് അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാരും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറോ അദ്ദേഹം അധികാരപ്പെടുത്തിയ ആഫീസറോ ആവശ്യപ്പെട്ടതിന്മേൽ അങ്ങനെയുള്ള ആഫീസിലെയോ വിദ്യാഭ്യാസ സ്ഥാപനത്തിലെയോ ഉദ്യോഗസ്ഥന്മാരുടേയും സ്റ്റാഫിന്റെയും ഒരു ലിസ്റ്റ് ആവശ്യപ്പെടലിൽ പറഞ്ഞിരിക്കാവുന്ന സമയത്തിനുള്ളിൽ ഒരു പഞ്ചായത്തിന്റെ / മുനിസിപ്പാലിറ്റിയുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും കർത്തവ്യം നിർവ്വഹിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന് നൽകേണ്ടതാണ്.

***വിശദീകരണം :*** *ഈ വകുപ്പിന്റെയും 145 - ാം /202 - ാം വകുപ്പിന്റെയും ആവശ്യത്തിനായി മറ്റ് അധികാര സ്ഥാനം എന്നാൽ, ഏത് പേരിൽ വിളിച്ചാലും ഏതെങ്കിലും നിയമപ്രകാരം സംസ്ഥാന സർക്കാർ രൂപീകരിച്ചതോ സംസ്ഥാനത്ത് ആ സമയത്ത് നിലവിലുള്ള നിയമത്തിലോ അതിൻ കീഴിലോ സ്ഥാപിച്ചതോ ആയ ഏതെങ്കിലും അധികാരസ്ഥാനം എന്നർത്ഥമാകുന്നു.*

(2) ഏതെങ്കിലും ആൾക്ക് (1) -ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു ആവശ്യപ്പെടൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനോ അത് അധികാരപ്പെടുത്തിയ ഒരു ആഫീസറോ നൽകിയാൽ അങ്ങനെയുള്ള ആവശ്യപ്പെടലിൽ പറഞ്ഞേക്കാവുന്ന അപ്രകാരമുള്ള സമയത്തിനുള്ളിൽ ആഫീസറന്മാരുടെയും സ്റ്റാഫിന്റെയും ലിസ്റ്റ് നൽകുന്നതിൽ പരാജയപ്പെട്ടാൽ അയാൾ അഞ്ഞൂറ് രൂപയോളമാകാവുന്ന പിഴ ചുമത്തി ശിക്ഷിക്കപ്പെടാവുന്നതാണ്.

**12. കേരളാ പഞ്ചായത്ത് രാജ് ആക്ട് 133 – ാം വകുപ്പ് /കേരള മുനിസിപ്പാലിറ്റി ആക്ട്**

**157 – ാം വകുപ്പ് – തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച ഔദ്യോഗിക കർത്തവ്യങ്ങളുടെ ലംഘനങ്ങൾ ;**

(1) ഈ വകുപ്പ് ബാധകമാകുന്ന ഏതെങ്കിലും ആൾ, ന്യായമായ കാരണം കൂടാതെ, തന്റെ ഔദ്യോഗിക കർത്തവ്യം ലംഘിച്ചുകൊണ്ടുള്ള ഏതെങ്കിലും കൃത്യത്തിനോ കൃത്യവിലോപത്തിനോ കുറ്റക്കാരനാണെങ്കിൽ അയാൾ അഞ്ഞൂറ് രൂപയോളമാകാവുന്ന പിഴ ചുമത്തി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും ആൾക്കെതിരായി അങ്ങനെയുള്ള ഏതെങ്കിലും കൃത്യമോ കൃത്യ വിലോപമോ സംബന്ധിച്ച് നഷ്ടപരിഹാരത്തിനുള്ള ഏതെങ്കിലും വ്യവഹാരമോ മറ്റു നിയമനടപടിയോ നിലനിൽക്കുന്നതല്ല.

(3) ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥന്മാരും വരണാധികാരികളും അസിസ്റ്റന്റ് വരണാധികാരികളും പ്രിസൈഡിംഗ് ആഫീസർമാരും പോളിംഗ് ആഫീസർമാരും തിരഞ്ഞെടുപ്പിൽ നാമനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതോ സ്ഥാനാർത്ഥിത്വങ്ങൾ പിൻവലിക്കുന്നതോ വോട്ടുകൾ രേഖപ്പെടുത്തുകയോ എണ്ണുകയോ ചെയ്യുന്നതോ സംബന്ധിച്ച് ഏതെങ്കിലും കർത്തവ്യം നിർവ്വഹിക്കുവാൻ നിയമിക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും ആളും ഈ വകുപ്പ് ബാധകമാകുന്ന ആളുകൾ ആകുന്നു.

***വിശദീകരണം*** : *ഔദ്യോഗിക കർത്തവ്യം എന്ന പ്രയോഗത്തിന്, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കനുസരിച്ച് അർത്ഥം കൽപ്പിക്കേണ്ടതും എന്നാൽ അതിൽ ഈ ആക്ടിനാലോ ആക്ടിൻ കീഴിലോ അല്ലാതെ ചുമത്തപ്പെടുന്ന കർത്തവ്യങ്ങൾ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.*

**13. കേരളാ പഞ്ചായത്ത് രാജ് ആക്ട് 134 – ാം വകുപ്പ് /കേരള മുനിസിപ്പാലിറ്റി ആക്ട് 158 – ാം വകുപ്പ് – തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി കെട്ടിട പരിസരങ്ങൾ മുതലായവ ആവശ്യപ്പെടൽ ;**

(1) ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനോ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ-

(എ) ഏതെങ്കിലും കെട്ടിട പരിസരം ഒരു പോളിംഗ് സ്റ്റേഷനായോ തിരഞ്ഞെടുപ്പ് കഴിഞ്ഞതിനു ശേഷം ബാലറ്റ് പെട്ടികൾ സൂക്ഷിക്കുന്നതിനായോ ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ അല്ലെങ്കിൽ

(ബി) ഒരു പോളിംഗ് സ്റ്റേഷനിൽ നിന്നോ പോളിംഗ് സ്റ്റേഷനിലേക്കോ ബാലറ്റ് പെട്ടികൾ കൊണ്ടു പോകുന്നതിന്റെ ആവശ്യത്തിലേക്കോ, അങ്ങനെയുള്ള തിരഞ്ഞെടുപ്പ് നടത്തിപ്പ്കാലത്ത് സമാധാനപാലനത്തിന് പോലീസ് സേനാംഗങ്ങളെ കൊണ്ടുപോകുന്നതിനോ, അങ്ങനെയുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലി നിർവ്വഹിക്കുന്നതിനു വേണ്ടി ഏതെങ്കിലും ഉദ്യോഗസ്ഥനെയോ മറ്റാളിനെയോ കൊണ്ടുപോകുന്നതിനോ ഏതെങ്കിലും വാഹനമോ യാനപാത്രമോ ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ, തോന്നുകയാണെങ്കിൽ അതതു സംഗതി പോലെ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനോ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ അങ്ങനെയുള്ള കെട്ടിട പരിസരങ്ങളോ അങ്ങനെയുള്ള വാഹനമോ യാനപാത്രമോ ലിഖിതമായ ഉത്തരവുവഴി ആവശ്യപ്പെടാവുന്നതും ആയതിന് നൽകേണ്ട ന്യായമായ പ്രതിഫലം ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്ന കൂടുതൽ ഉത്തരവുകൾ പാസ്സാക്കാവുന്നതുമാണ്.

എന്നാൽ, ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള ഏതെങ്കിലും ആവശ്യത്തിന്, ആ സ്ഥാനാർത്ഥിയോ അയാളുടെ ഏജന്റോ നിയമാനുസൃതം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും വാഹനമോ യാനപാത്രമോ അങ്ങനെയുള്ള തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് പൂർത്തിയാകുന്നതുവരെ, ഈ വകുപ്പിൻ കീഴിൽ ആവശ്യപ്പെടാൻ പാടുള്ളതല്ല.

(2) ആവശ്യപ്പെടൽ, വസ്തുവിന്റെ ഉടമസ്ഥനോ അത് കൈവശമുള്ള ആളോ ആണെന്ന്, അതതു സംഗതിപോലെ, സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷനോ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ കരുതുന്ന ആളെ അഭിസംബോധന ചെയ്ത് കൊണ്ടുള്ള ലിഖിതമായ ഉത്തരവുവഴി നടത്തേണ്ടതാണ്.

(3) (1) -ാം ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും വസ്തു ആവശ്യപ്പെടുമ്പോഴെല്ലാം, അങ്ങനെയുള്ള ആവശ്യപ്പെടലിന്റെ കാലാവധി, ആ ഉപവകുപ്പിൻ കീഴിൽ

പറഞ്ഞിട്ടുള്ള ആവശ്യങ്ങളിൽ ഏതിനെങ്കിലും അങ്ങനെയുള്ള വസ്തു വേണ്ടതായിട്ടുള്ള കാലാവധിക്ക് അപ്പുറം പോകാൻ പാടുള്ളതല്ല.

(4) ഏതെങ്കിലും ആൾ ഈ വകുപ്പിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ഉത്തരവ് ലംഘിക്കുന്ന പക്ഷം അയാൾക്ക് മൂന്ന് മാസക്കാലത്തോളമാകാവുന്ന തടവു ശിക്ഷയോ പിഴശിക്ഷയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

(5) ഈ വകുപ്പിൽ

(എ.) പരിസരം എന്നാൽ ഏതെങ്കിലും ഭൂമിയോ കെട്ടിടമോ കെട്ടിടത്തിന്റെ ഭാഗമോ എന്നർത്ഥമാകുന്നതും, അതിൽ കുടിലോ ഷെഡ്ഡോ മറ്റ് എടുപ്പോ അതിന്റെ ഏതെങ്കിലും ഭാഗമോ ഉൾപ്പെടുന്നതും ആകുന്നു.

(ബി) വാഹനം എന്നാൽ റോഡുമാർഗം കൊണ്ടുപോകുന്നതിനു വേണ്ടി ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ കഴിയുന്നതോ ആയ ഏതെങ്കിലും വാഹനം അത് യന്ത്രശക്തിയാൽ ചലിപ്പിക്കുന്നതോ, അല്ലാത്തതോ ആയാലും, എന്നർത്ഥമാകുന്നു.

(സി) യാനപാത്രം എന്നാൽ ജലഗതാഗതത്തിനു വേണ്ടി ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ കഴിയുന്നതോ ആയ ഏതെങ്കിലും യാനപാത്രം അത് യന്ത്ര ശക്തിയാൽ ചലിപ്പിക്കുന്നതോ, അല്ലാത്തതോ ആയാലും എന്നർത്ഥമാകുന്നു.

**14. കേരളാ പഞ്ചായത്ത് രാജ് ആക്ട് 135 – ാം വകുപ്പ് /കേരള മുനിസിപ്പാലിറ്റി ആക്ട് 159 – ാം വകുപ്പ് – സർക്കാർ ജീവനക്കാരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ ജീവനക്കാരോ തിരഞ്ഞെടുപ്പ് ഏജന്റായോ പോളിംഗ് ഏജന്റായോ വോട്ടെണ്ണൽ ഏജന്റായോ പ്രവർത്തിക്കുന്നതിനുള്ള ശിക്ഷ ;**

സർക്കാരിന്റെയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയോ സേവനത്തിൽ ഉള്ള ഏതെങ്കിലും ഒരാൾ ഒരു തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ഏജന്റോ, പോളിംഗ് ഏജന്റോ വോട്ടെണ്ണൽ ഏജന്റോ ആയി പ്രവർത്തിക്കുന്നുവെങ്കിൽ അയാൾ മൂന്നുമാസക്കാലത്തോളമാകാവുന്ന തടവോ, പിഴയോ അല്ലെങ്കിൽ അവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.



**15. കേരളാ പഞ്ചായത്ത് രാജ് ആക്ട് 136 – ാം വകുപ്പ് /കേരള മുനിസിപ്പാലിറ്റി ആക്ട് 160 – ാം വകുപ്പ് – പോളിംഗ് സ്റ്റേഷനിൽ നിന്ന് ബാലറ്റ് പേപ്പറുകൾ നീക്കം ചെയ്യുന്നത് കുറ്റമായിരിക്കുമെന്ന് ;**

(1) ഒരു തിരഞ്ഞെടുപ്പിൽ, ഒരു ബാലറ്റ് പേപ്പർ വഞ്ചനാപൂർവ്വം പോളിംഗ് സ്റ്റേഷനിൽ നിന്ന് പുറത്ത് എടുക്കുകയോ പുറത്തെടുക്കാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള കൃത്യം ചെയ്യുന്നതിനെ മനഃപൂർവ്വം സഹായിക്കുകയോ ചെയ്യുന്ന ഏതൊരാളും, മൂന്നു വർഷത്തോളമാകാവുന്ന തടവോ ആയിരം രൂപയോളമാകാവുന്ന പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഏതെങ്കിലും ആൾ (1) -ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചെയ്യുകയാണെന്നോ ചെയ്തിട്ടുണ്ടെന്നോ തനിക്ക് വിശ്വസിക്കാൻ ന്യായമായ കാരണമുണ്ടെങ്കിൽ, ഒരു പോളിംഗ് സ്റ്റേഷനിലെ പ്രിസൈഡിംഗ് ആഫീസർക്ക് അങ്ങനെയുള്ള ആൾ പോളിംഗ് സ്റ്റേഷൻ വിടുന്നതിന് മുമ്പ് അയാളെ അറസ്റ്റ് ചെയ്യുകയോ, അയാളെ അറസ്റ്റു ചെയ്യുവാൻ ഒരു പോലീസ് ഉദ്യോഗസ്ഥനോടു നിർദ്ദേശിക്കുകയോ ചെയ്യാവുന്നതും അയാളുടെ ദേഹപരിശോധന നടത്തുകയോ ഒരു പോലീസ് ആഫീസറെക്കൊണ്ട് ദേഹപരിശോധന നടത്തിക്കുകയോ ചെയ്യാവുന്നതുമാണ്.

എന്നാൽ ഒരു സ്ത്രീയെ ദേഹപരിശോധന ചെയ്യേണ്ടത് ആവശ്യമാകുമ്പോൾ, ആ ദേഹപരിശോധന സഭ്യത കൃത്യമായും പാലിച്ചുകൊണ്ട് മറ്റൊരു സ്ത്രീയെക്കൊണ്ട് നടത്തിക്കേണ്ടതാണ്.

(3) അറസ്റ്റ് ചെയ്യപ്പെടുന്ന ആളുകളുടെ ദേഹത്ത് പരിശോധനയിൽ കാണുന്ന ഏതെങ്കിലും ബാലറ്റ് പേപ്പർ പ്രിസൈഡിംഗ് ആഫീസർ സുരക്ഷിതമായ സൂക്ഷിപ്പിനായി ഒരു പോലീസ് ആഫീസറെ ഏൽപിക്കേണ്ടതോ അല്ലെങ്കിൽ അന്വേഷണം ഒരു പോലീസ് ആഫീസർ ചെയ്യുമ്പോൾ ആ ഉദ്യോഗസ്ഥൻ അത് സുരക്ഷിതമായ സൂക്ഷിപ്പിൽ വയ്ക്കേണ്ടതോ ആണ്.

(4) (1) -ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റം കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

**16. കേരളാ പഞ്ചായത്ത് രാജ് ആക്ട് 137 – ാം വകുപ്പ് /കേരള മുനിസിപ്പാലിറ്റി ആക്ട് 161 – ാം വകുപ്പ് – ബൂത്ത് പിടിച്ചെടുക്കൽ എന്ന കുറ്റം ;**

ബൂത്ത് പിടിച്ചെടുക്കൽ എന്ന കുറ്റം ചെയ്യുന്ന ഏതൊരാളും ആറു മാസത്തിൽ കുറയാത്തതും മൂന്നു വർഷക്കാലത്തോളമാകാവുന്നതുമായ തടവോ, പിഴയോ ചുമത്തി ശിക്ഷിക്കപ്പെടാവുന്നതും അപ്രകാരമുള്ള കുറ്റകൃത്യം ചെയ്യുന്ന ഒരു ആൾ സർക്കാരിലോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലോ, ജോലി ചെയ്യുന്നയാളാണെങ്കിൽ മൂന്നു വർഷത്തിൽ കുറയാത്തതും അഞ്ചു വർഷക്കാലത്തോളമാകാവുന്നതുമായ തടവുശിക്ഷക്കും പിഴയ്ക്കും അർഹനാകുന്നതുമാണ്.

***വിശദീകരണം*** : *ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി ബൂത്ത് പിടിച്ചെടുക്കൽ എന്നതിൽ മറ്റു സംഗതികളോടൊപ്പം താഴെപ്പറയുന്ന എല്ലാമോ അഥവാ ഏതെങ്കിലുമോ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതാണ്* ;

(എ) ഏതെങ്കിലും ആളോ ആളുകളോ ഒരു പോളിംഗ് സ്റ്റേഷനോ പോളിംഗിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലമോ പിടിച്ചെടുക്കുകയോ പോളിംഗ് അധികാരികൾ ബാലറ്റ് പേപ്പറുകളോ വോട്ടിംഗ് യന്ത്രങ്ങളോ വിട്ടുകൊടുക്കുന്നതിന് ഇടയാക്കുകയോ തിരഞ്ഞെടുപ്പിന്റെ ക്രമമായ നടത്തിപ്പിനെ ബാധിക്കുന്ന മറ്റ് ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യുക.

(ബി) ഏതെങ്കിലും ആളോ ആളുകളോ പോളിംഗ് സ്റ്റേഷനോ പോളിംഗിന് നിശ്ചയിച്ച സ്ഥലമോ കൈവശപ്പെടുത്തുകയും അയാളുടെയോ അവരുടെയോ അനുയായികളെ മാത്രം വോട്ടവകാശം വിനിയോഗിക്കുന്നതിന് അനുവദിക്കുകയും മറ്റുള്ളവരെ വോട്ട് ചെയ്യുന്നതിൽ നിന്ന് തടയുകയും ചെയ്യുക.

(സി) ഏതെങ്കിലും വോട്ടറെ ഭീഷണിപ്പെടുത്തി പോളിംഗ് സ്റ്റേഷനിലേക്കോ പോളിംഗിന് നിശ്ചയിച്ചിട്ടുള്ള സ്ഥലത്തേക്കോ വോട്ടു രേഖപ്പെടുത്തുന്നതിനായി പോകുന്നതിൽ നിന്നും തടയുക.

(ഡി) ഏതെങ്കിലും ആളോ ആളുകളോ വോട്ടെണ്ണുന്നതിനുള്ള സ്ഥലം പിടിച്ചെടുക്കുകയോ വോട്ടെണ്ണൽ അധികാരികൾ ബാലറ്റ് പേപ്പറുകളോ പോളിംഗ് യന്ത്രങ്ങളോ വിട്ടുകൊടുക്കുന്നതിന് ഇടയാക്കുകയോ വോട്ടിംഗിന്റെ ക്രമമായ എണ്ണലിനെ ബാധിക്കുന്ന എന്തെങ്കിലും കാര്യംചെയ്യുകയോ ചെയ്യുക.

(ഇ) സർക്കാരിന്റെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ സേവനത്തിലിരിക്കുന്ന ഏതെങ്കിലും ആൾ ഒരു സ്ഥാനാർത്ഥിയുടെ വിജയസാദ്ധ്യത മെച്ചപ്പെടുത്തുന്നതിന് മേൽപറഞ്ഞ എല്ലാമോ ഏതെങ്കിലുമോ പ്രവൃത്തികൾ ചെയ്യുകയോ അതിൽ സഹായിക്കുകയോ ഒത്താശ ചെയ്യുകയോ ചെയ്യുക.



**17. കേരളാ പഞ്ചായത്ത് രാജ് ആക്ട് 138 – ാം വകുപ്പ് /കേരള മുനിസിപ്പാലിറ്റി ആക്ട് 162 – ാം വകുപ്പ് – മറ്റു കുറ്റങ്ങളും അവയ്ക്കുള്ള ശിക്ഷയും ;**

(1) ഒരാൾ ഏതെങ്കിലും തിരഞ്ഞെടുപ്പിൽ

(എ) ഏതെങ്കിലും നാമനിർദ്ദേശ പത്രിക വഞ്ചനാപൂർവ്വം വിരൂപമാക്കുകയോ വഞ്ചനാപൂർവ്വം നശിപ്പിക്കുകയോ, അല്ലെങ്കിൽ

(ബി) ഒരു വരണാധികാരിയോ വരണാധികാരിയുടെ അധികാരത്തിൻ കീഴിലോ പതിച്ചിട്ടുള്ള ഏതെങ്കിലും പട്ടികയോ നോട്ടീസോ മറ്റു രേഖയോ വഞ്ചനാ പൂർവ്വം വിരൂപമാക്കുകയോ നശിപ്പിക്കുകയോ നീക്കം ചെയ്യുകയോ; അല്ലെങ്കിൽ

(സി) ഏതെങ്കിലും ബാലറ്റ് പേപ്പറോ, ഏതെങ്കിലും ബാലറ്റ് പേപ്പറിൻമേലുള്ള ഔദ്യോഗിക അടയാളമോ, പോസ്റ്റൽ ബാലറ്റ് വഴിയുള്ള വോട്ട് ചെയ്യൽ സംബന്ധിച്ച് ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും തിരിച്ചറിയൽ പ്രഖ്യാപനമോ ഔദ്യോഗിക കവറോ വഞ്ചനാപൂർവ്വം വിരൂപമാക്കുകയോ, വഞ്ചനാപൂർവ്വം നശിപ്പിക്കുകയോ, അല്ലെങ്കിൽ

(ഡി) യഥാവിധിയുള്ള അധികാരം കൂടാതെ, ഏതെങ്കിലും ആൾക്ക് ഏതെങ്കിലും ബാലറ്റ് പേപ്പർ കൊടുക്കുകയോ, ഏതെങ്കിലും ആളിൽ നിന്ന് ഏതെങ്കിലും ബാലറ്റ് പേപ്പർ സ്വീകരിക്കുകയോ ഏതെങ്കിലും ബാലറ്റ് പേപ്പർ കൈവശം വയ്ക്കുകയോ അല്ലെങ്കിൽ,

(ഇ) ഏതെങ്കിലും ബാലറ്റ് പെട്ടിയിൽ അതിൽ ഇടുന്നതിന് നിയമം തനിക്ക് അധികാരം നൽകുന്ന ബാലറ്റ് പേപ്പറല്ലാത്ത എന്തെങ്കിലും വഞ്ചനാപൂർവ്വം ഇടുകയോ, അല്ലെങ്കിൽ,

(എഫ്) തിരഞ്ഞെടുപ്പിന്റെ ആവശ്യങ്ങൾക്കായി അപ്പോൾ ഉപയോഗത്തിലിരിക്കുന്ന ഏതെങ്കിലും ബാലറ്റ് പെട്ടിയോ, ബാലറ്റ് പേപ്പറുകളോ യഥാവിധിയുള്ള അധികാരം കൂടാതെ നശിപ്പിക്കുകയോ എടുക്കുകയോ

തുറക്കുകയോ മറ്റുവിധത്തിൽ അതിൽ ഇടപെടുകയോ, അല്ലെങ്കിൽ

(ജി) അതത് സംഗതി പോലെ, വഞ്ചനാപൂർവ്വമായോ യഥാവിധിയുള്ള അധികാരം കൂടാതെയോ മുൻപറഞ്ഞ കൃത്യങ്ങളിൽ ഏതെങ്കിലും ചെയ്യുവാൻ ശ്രമിക്കുകയോ, അങ്ങനെയുള്ള ഏതെങ്കിലും കൃത്യം ചെയ്യുന്നതിനെ മനഃപൂർവ്വം സഹായിക്കുയോ പ്രേരിപ്പിക്കുകയോ; ചെയ്യുന്നുവെങ്കിൽ അയാൾ ഒരു തിരഞ്ഞെടുപ്പ് കുറ്റത്തിന് കുറ്റക്കാരനായിരിക്കുന്നതാണ് - അല്ലെങ്കിൽ

(എച്ച്) 145 എ /202 എ വകുപ്പ് പ്രകാരം, അർഹതയുള്ള ആളിന് അവധി അനുവദിക്കാതിരിക്കുകയോ, ചെയ്യുന്നുവെങ്കിൽ അയാൾ ഒരു തിരഞ്ഞെടുപ്പ് കുറ്റത്തിന് കുറ്റക്കാരനായിരിക്കുന്നതാണ്

(2) ഈ വകുപ്പിൻ കീഴിൽ ഒരു തിരഞ്ഞെടുപ്പ് കുറ്റത്തിന് കുറ്റക്കാരനായ ഏതെങ്കിലും ആൾ ;

(എ) അയാൾ ഒരു നിയോജകമണ്ഡലത്തിലെ /വാർഡിലെ വരണാധികാരിയോ അസിസ്റ്റന്റ് വരണാധികാരിയോ പ്രിസൈഡിംഗ് ആഫീസറോ അല്ലെങ്കിൽ തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും ആഫീസറോ ജീവനക്കാരനോ ആണെങ്കിൽ അയാളെ രണ്ടു വർഷത്തോളമാകാവുന്ന തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാവുന്നതും ;

(എഎ) അയാൾ 145എ /202 എ വകുപ്പ് പ്രകാരം, കുറ്റം ചെയ്ത ആളാണെങ്കിൽ അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴശിക്ഷ നൽകി ശിക്ഷിക്കാവുന്നതും ;

(ബി) അയാൾ, മറ്റേതെങ്കിലും ആളാണെങ്കിൽ ആറുമാസത്തോളമാകാവുന്ന തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാവുന്നതും ആണ്.

(3) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, വോട്ടെണ്ണൽ ഉൾപ്പെടെ ഒരു തിരഞ്ഞെടുപ്പിന്റെയോ തിരഞ്ഞെടുപ്പിന്റെ ഭാഗത്തിന്റെയോ നടത്തിപ്പിൽ പങ്കെടുക്കുകയോ, അല്ലെങ്കിൽ ഒരു തിരഞ്ഞെടുപ്പിനു ശേഷം ആ തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഉപയോഗിക്കപ്പെട്ട ബാലറ്റ് പേപ്പറുകൾക്കും മറ്റു രേഖകൾക്കും ഉത്തരവാദി ആയിരിക്കുകയോ ചെയ്യുന്നത് ഒരാളുടെ കർത്തവ്യമാണെങ്കിൽ അയാൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലാണെന്ന് കരുതപ്പെടുന്നതും എന്നാൽ ഔദ്യോഗിക കൃത്യനിർവ്വഹണം എന്നതിൽ ഈ ആക്ടിനാലോ ആക്ടിൻ കീഴിലോ അല്ലാതെ ചുമത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും കർത്തവ്യം ഉൾപ്പെടാത്തതും ആകുന്നു.



18. വോട്ടെടുപ്പ് ദിവസം മുനിസിപ്പൽ പ്രദേശത്തുള്ള പോളിംഗ് സ്റ്റേഷന്റെ 100 മീറ്റർ ചുറ്റളവിനുള്ളിലും പഞ്ചായത്ത് പ്രദേശത്തുള്ള പോളിംഗ് സ്റ്റേഷന്റെ 200 മീറ്റർ ചുറ്റളവിനുള്ളിലും തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അധികാരപ്പെടുത്തിയിട്ടുള്ള സുരക്ഷാ ഉദ്യോഗസ്ഥരല്ലാതെ മറ്റാരെയെങ്കിലും മാരകായുധങ്ങളോ സ്ഫോടക വസ്തുക്കളോ കൈവശം വെച്ച് കൈകാര്യം ചെയ്ത് വരുന്നതായി കാണപ്പെടുകയോ മാരകായുധങ്ങളോ സ്ഫോടക വസ്തുക്കളോ കൈവശം വച്ചുകൊണ്ട് പോളിംഗ് സ്റ്റേഷനുള്ളിൽ പ്രവേശിക്കുകയോ ചെയ്യുന്നതായി കാണപ്പെടുന്നതായാൽ പ്രിസൈഡിംഗ് ഓഫീസറുടെ നിർദ്ദേശാനുസരണം ടിയാളെ കസ്റ്റഡിയിൽ എടുക്കേണ്ടതും 1860-ലെ ഇന്ത്യൻ പീനൽകോഡ്, 1908-ലെ എക്സ്പ്ലോസീവ് സബ്സ്റ്റൻസസ് ആക്ട്, 1959-ലെ ആംസ് ആക്ട് എന്നീ നിയമ വ്യവസ്ഥകളുടെ ലംഘനത്തിന് അനുസൃതമായി ടിയാൾക്കെതിരെ കേസ് എടുക്കേണ്ടതുമാണ്.

## OFENCES RELATING TO ELECTIONS UNDER CHAPTER IX-A OF INDAIN PENAL CODE

**171-A. "Candidate", "Electoral right" defined.-**

For the purposes of this Chapter –

(a) "candidate" means a person who has been nominated as a candidate at any election;

(b) "electoral right" means the right of a person to stand, or not to stand as, or to withdraw from being a candidate or to vote or refrain from voting at an election.

**171-B. Bribery.-** (l) Whoever;

(i) gives a gratification to any person with the object of inducing him or any other person to exercise any electoral right or of rewarding any person for having exercised any such right; or

(ii) accepts either for himself or for any other person any gratification as a reward for exercising any such right or for inducing or attempting to induce any other person to exercise any such right, commits the offence of bribery:

Provided that a declaration of public policy or a promise of public action shall not be an offence under this section.

(2) A person who offers, or agrees to give, or offers or attempts to procure, a gratification shall be deemed to give a gratification.

(3) A person who obtains or agrees to accept or attempts to obtain a gratification shall be deemed to accept a gratification, and a



person who accepts a gratification as a motive for doing what he does not intend to do, or as a reward for doing what he has not done, shall be deemed to have accepted the gratification as a reward.

**171-C. Undue influence at elections.-** (1) Whoever voluntarily interferes or attempts to interfere with the free exercise of any electoral right commits the offence of undue influence at an election.

(2) Without prejudice to the generality of the provisions of sub-section (1), whoever

(a) threatens any candidate or voter, or any person in whom a candidate or voter is interested, with injury of any kind, or

(b) Induces or attempts to induce a candidate or voter to believe that he or any person in whom he is interested will become or will be rendered an object of Divine displeasure or of spiritual censure,

shall be deemed to interfere with the free exercise of the electoral right of such candidate or voter, within the meaning of sub-section (1).

(3) A declaration of public policy or a promise of public action, or the mere exercise of a legal right without intent to interfere with an electoral right, shall not be deemed to be interference within the meaning of this section.

**171-D. Personation at elections.-**

Whoever at an election applies for a voting paper or votes in the name of any other person, whether living or dead, or in a fictitious

name, or who having voted once at such election applies at the same election for a voting paper in his own name, and whoever abets, procures or attempts to procure the voting by any person in any such way, commits the offence of personation at an election.

Provided that nothing in this section shall apply to a person who has been authorised to vote as proxy for an elector under any law for the time being in force in so far as he votes as a proxy for such elector.

**171-E. Punishment for bribery.-**

Whoever commits the offence of bribery shall be punished with imprisonment of either description for a term which may extend to one year, or with fine, or with both:

Provided that bribery by treating shall be punished with fine only.

***Explanation.-*** *"Treating" means that form of bribery where the gratification consists in food, drink, entertainment, or provision.*

**171-F. Punishment for undue influence or personation at an election.**

Whoever commits the offence of undue influence or personation at an election shall be punished with imprisonment of either description for a term which may extend to one year, or with fine, or with both.

**171-G. False statement in connection with an election.-**

Whoever with intent to affect the result of an election makes or publishes any statement purporting to be a statement of fact which



is false and which he either knows or believes to be false or does not believe to be true, in relation to the personal character or conduct of any candidate shall be punished with fine.

**171-H. Illegal payments in connection with an election.-**

Whoever without the general or special authority in writing of a candidate incurs or authorises expenses on account of the holding of any public meeting, or upon any advertisement, circular or publication, or in any other way whatsoever for the purpose of promoting or procuring the election of such candidate, shall be punished with fine which may extend to five hundred rupees:

Provided that if any person having incurred any such expenses not exceeding the amount of ten rupees without authority obtains, within ten days from the date on which such expenses were incurred the approval in writing of the candidate, he shall be deemed to have incurred such expenses with the authority of the candidate.

**171-I. Failure to keep election accounts.-**

Whoever being required by any law for the time being in force or any rule having the force of law to keep accounts of expenses incurred at or in connection with an election, fails to keep such accounts, shall be punished with fine which may extend to Five hundred rupees.

***********